# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 02.03.2017 ന് മറുപടിയ്ക്ക്

നിയമസഭാചോദ്യം നം. 1202

**<u>വി.എച്ച്.എസ്.ഇ പരീക്ഷാ ബോർഡിന് കോബ്സ്-ൽ അംഗീകാരം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ പരീക്ഷാ ബോർഡിന് കൗൺസിൽ ഓഫ് ബോർഡ്സ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ ഇൻ ഇന്ത്യയിൽ(കോബ്സ്) അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കമോ; | (എ), (ബി) | ഇല്ല. എന്നാൽ ആന്ധ്രാപ്രദേശിൽ പഠനത്തിന് പോയവർക്ക് കൊബ്സിൽ അംഗീകാരമില്ല എന്നതിനാൽ പ്രവേശനം നിരസിച്ചത് ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ വി.എച്ച്.എസ്.ഇ.കോഴ്സ് കൂടി COBSE ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി COBSE ന്റെ നിർദ്ദേശപ്രകാരം ആവശ്യപ്പെട്ട മുഴുവൻ രേഖകളും അംഗത്വഫീസും സഹിതം COBSE യിൽ ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം അംഗത്വം ലഭിക്കുന്നതുവരെ ഉപരിപഠനത്തിനായി മറ്റു സംസ്ഥാനങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന തുല്യത സർട്ടിഫിക്കറ്റ് അംഗീകരിച്ച് പഠനം നടത്തുന്നതിന് അവസരം നൽകണമെന്ന് ആന്ധ്രാപ്രദേശ് സ്കൂൾ എഡ്യൂക്കേഷൻ സെക്രട്ടേറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോബ്സ്-ൽ അംഗമാകാത്തതു മൂലം മറ്റ് സംസ്ഥാനങ്ങളിൽ പഠനത്തിന് പോകുന്ന വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും ഉപരിപഠനത്തിന് രജിസ്ട്രേഷൻ ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന വി.എച്ച്.എസ്.ഇ വിദ്യാർത്ഥികളുടെ പരാതിയിലും ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കമോ; | | |
| (സി) | കോബ്സ്-ൽ അംഗമാകുന്നതു സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | അടുത്ത അദ്ധ്യയന വർഷം വി.എച്ച്.എസ്.ഇ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള രജിസ്ട്രേഷൻ പ്രശ്നം ഏതു രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | എത്രയും വേഗം COBSE ൽ അംഗത്വം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ